പാട്ടബാക്കി, ജൻമി പ്രതിഫല സംഖ്യ എന്നിവയുടെ കുടിശ്ശിക

279. [338] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടബാക്കി, ജൻമിപ്രതിഫല സംഖ്യ എന്നീ വകകളിൽ കൃഷിക്കാരുടെ പേരിൽ എത്ര സംഖ്യ കുടിശ്ശികയുണ്ട് ;

(ബി) പാട്ടസമ്പ്രദായം അവസാനിച്ച് വളരെ വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ അതു റദ്ദു ചെയ്യാൻ നടപടിയെടുക്കുമോ ;

(സി) ഇതിൽ കുടികിടപ്പുകാരുടെ പേരിലുള്ള കുടിശ്ശിക എത്ര ;

(ഡി) ആ സംഖ്യ റദ്ദാക്കാൻ ആലോചനയുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അത് റദ്ദു ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾ

280. [344] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മാർച്ച് 31 വരെ സംസ്ഥാനത്ത് മൊത്തം വനിതകൾക്കു വേണ്ടിയുള്ള എത്ര വ്യവസായങ്ങൾ ഉണ്ടായിരുന്നു ; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഈ വർഷം സെപ്തംബർ 30 വരെ സംസ്ഥാനത്തൊട്ടാകെ വനിതകൾക്കുവേണ്ടിയുള്ള എത്ര വ്യവസായങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനുവേണ്ടി പുതുതായി എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1982 മാർച്ച് 31 വരെ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള വനിതകൾക്കുവേണ്ടിയുള്ള വ്യവസായ യൂണിറ്റുകൾ 500 എണ്ണമാണ്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	64
കൊല്ലം	56
ആലപ്പുഴ	33
കോട്ടയം	37
ഇടുക്കി	10
എറണാകുളം	65
തൃശ്ശൂർ	115
പാലക്കാട്	19

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	25
കോഴിക്കോട്	37
കണ്ണൂർ	39
ആകെ	500

(ബി) ഈ വർഷം മാർച്ച് 31 വരെ സംസ്ഥാനത്തൊട്ടാകെ 1013 വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	113
കൊല്ലം	96
ആലപ്പുഴ	89
കോട്ടയം	88
ഇടുക്കി	42
എറണാകുളം	130
തൃശ്ശൂർ	159
പാലക്കാട്	49
മലപ്പുറം	50
കോഴിക്കോട്	82
കണ്ണൂർ	78
പത്തനംതിട്ട	22
വയനാട്	7
കാസർഗോഡ്	8
മൊത്തം	1013

1986 ഏപ്രിൽ മുതൽ സെപ്തംബർ 30 വരെയുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി & ഡി) വനിതാ വ്യവസായ സംരംഭകർക്ക്, ഹരിജന ഗിരിജന വ്യവസായ സംരംഭകർക്കെന്നപോലെ വ്യവസായ വകുപ്പിൽ നിന്നും 15,000 രൂപ വരെ നേരിട്ട് വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്ക് നൽകിയ വായ്പ

281 [345] [ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി നൽകപ്പെട്ടിട്ടുള്ള വായ്പകൾ എത്ര ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ സെപ്തംബർ 30 വരെ ഇതിലേക്കുവേണ്ടി എന്തു തുക നൽകിയിട്ടുണ്ട് ;

(ഡി) അവ ഏതെല്ലാം വ്യവസായങ്ങൾക്കുവേണ്ടിയാണ് നൽകപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly